# ലിറ്റിൽ കൈറ്റ് 2018-19

# ധ്രുവം



## G F H S S KUZHITHURA

# സമർപ്പണം






**“ ഹാ! വിജിഗീഷു,മൃത്യുവിന്നാമോ ജീവിതത്തിൽ കൊടിപ്പടം താഴ്ത്താൻ"**




**മരിക്കാത്ത ഓർമ്മകൾക്കുമുന്നിൽ...**

**ഒരായിരം സ്നേഹപൂക്കളോടെ...**

## സന്ദേശം

**കുഴിത്തുറ ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ നിർമ്മിച്ച ധ്രുവം എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും സ്നേഹപൂർവ്വം അറിയിച്ചുകൊള്ളുന്നു.**

**ശാസ്ത്രി**

**P T A പ്രസിഡന്റ്**

## എഡിറ്റോറിയൽ



**വിദ്യാഭ്യസത്തിന്റെ ശാസ്ത്രീയതയും ക്രിയാത്മകതയും അനുദിനം നവീകരിക്കപ്പെടുന്ന ആഗോള സാഹചര്യമാണ് ഇന്നുള്ളത്.അധ്യയന-അധ്യാപന സങ്കൽപ്പങ്ങളിൽ ഗവേഷണാത്മകമായ നിരവധി ശ്രമങ്ങളാണ് കേരളത്തിൽ നടക്കുന്നത്.ഈ സാഹചര്യം നിലനിൽക്ക് ഹൈടെക്കിന്റെ ഭാഗമായനമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ "ധ്രുവം" എന്ന സൃഷ്ടി എല്ലാതലത്തിലും ഒരു നിമിത്തമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.**

ഹെഡ്മിസ്ട്രസ്സ്

മുംതാസ് എസ്.ജെ


കൊല്ലം ജില്ലാപഞ്ചായത്ത്
ഗവ: ഫിഷറി ഹയർസെക്കണ്ടറി സ്കൂൾ
കുഴിത്തുറ
PH : 0476 2896265(HS) 04762895316 (HSS)
PIN : 690542
ESTD. 1918
Sponsored by
2000-2002 BATCH
PLUS TWO
HUMANITIES
NATIONAL
SERVICE SCHEME


കൊല്ലം ജില്ലാപഞ്ചായത്ത്
ഗവ:ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ

## അക്കാദമിക് മികവ്

### എസ്സ്.എസ്സ്,എൽ.സി പരീക്ഷയിലെ തുടർച്ചയായ 100% വിജയം.




G.F.H.S.S. KUZHITHURA
S.S.L.C BATCH 2016-17


G.F.H.S.S. KUZHITHURA
S. S. L. C. BATCH 2015-16

# 2014-15



## ലിറ്റിൽ കൈറ്റ് അംഗങ്ങൾ(school level)



# ലിറ്റിൽ കൈറ്റ് അംഗങ്ങൾ(school level)



## ലിറ്റിൽ കൈറ്റ് മാസ്റ്റർ

### അനിൽകുമാർ എൻ



ജി,എഫ്.

## ലിറ്റിൽ കൈറ്റ് മിസ്ട്രസ്

### ജിഷ എസ്സ്



# KITE MASTER TRAINERS KOLLAM DISTRICT AND STATE LEVEL



## ആമുഖം

ഇന്നത്തെ സാമൂഹികമാറ്റവും അതോടപ്പമുള്ള വിദ്യാഭ്യാസമാറ്റവും ഈ മാഗസിന്റെ സൃഷ്ടിക്കു കാരണമായ വസ്തുത വളരെ സന്തോഷത്തോട് അറിയിച്ചുകൊള്ളുന്നു.ലിറ്റിൽകൈറ്റിലെ എല്ലാ കുട്ടികളും ഈ മാഗസിന്റെ നിർമ്മാണത്തിൽ പങ്കെടുത്തത് നമ്മുടെ സ്കൂളിന്റെ കൂട്ടയ്മക്കുത്തമ ഉദാഹരണംകൂടിയാണ്.ഈ കുറഞ്ഞ സമയത്തിൽ ഞങ്ങളാൽ കഴിയുംവിധം കഥകളും കവിതകളും കണ്ടെത്തലുകളും ഈ സൃഷ്ടിയിൽ ഉൾപ്പെടുത്തിയിച്ചുണ്ട്.ഇത് ഒരു ഡിജിറ്റൽ മാഗസിൻ ആയതിനാൽ തുടർന്നും കൂട്ടിചേർക്കൽ സാധ്യമാകുമെന്നതും ഈ അവസരത്തിൽ ഏവരെയും അറിയിച്ചുക്കൊള്ളുന്നു.എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഈ സൃഷ്ടി പ്രയോജനകരമാകട്ടെയെന്ന പ്രാത്ഥനയോടെ...

**അഭിറാം(ലീഡർ)**

സ്റ്റുഡൻസ് മാഗസിൻഎഡിറ്റർ

## ഉള്ളടക്കം

സമർപ്പണം....3
“ ഹാ! വിജിഗീഷു,മൃത്യുവിന്നാമോ ജീവിതത്തിൽ കൊടിപ്പടം താഴ്ത്താൻ"....3
മരിക്കാത്ത ഒർമ്മകൾക്കുമുന്നിൽ....4
ഒരായിരം സ്നേഹപൂക്കളോടെ....4
സന്ദേശം....5
ശാസ്ത്രി....5
P T A പ്രസിഡന്റ്....5
എഡിറ്റോറിയൽ....6
ഹെഡ്മിസ്ട്രസ്സ്....6
മുംതാസ് എസ്.ജെ....6
അക്കാദമിക് മികവ്....9
എസ്സ്.എസ്സ്,എൽ.സി പരീക്ഷയിലെ തുടർച്ചയായ 100% വിജയം....9
2014-15....12
ലിറ്റിൽ കൈറ്റ് അംഗങ്ങൾ(school level)....13
ലിറ്റിൽ കൈറ്റ് അംഗങ്ങൾ(school level)....14
ലിറ്റിൽ കൈറ്റ് മാസ്റ്റർ....15
അനിൽകുമാർ എൻ....15
ലിറ്റിൽ കൈറ്റ് മിസ്ട്രസ്....16
ജിഷ എസ്സ്....16
KITE MASTER TRAINERS KOLLAM DISTRICT AND STATE LEVEL....17
ആമുഖം....18
നാടൻപാട്ടുകൾ....23
ആതിച്ചൻ ചന്തീരൻ....23
നാടൻപാട്ടുകൾ....24
ഞാറ്റുപാട്ട്....24
കുട്ടി കവിതകൾ....25
കുഞ്ഞുപട്ടം....25
കുട്ടി കവിതകൾ....26
ഇഷ്ടം....26
കവിത....27
മുതല....27
കവിത....28
സദ്യ....28
ഗണിത ഗാനങ്ങൾ....29

കത്തിത്തോളു മത്താപ്പൂ......29
ഗണിത ഗാനങ്ങൾ......30
ഒന്നും ഒന്നും രണ്ടാണേ......30
പഴമൊഴികൾ......31
അ......31
ആ......31
ഇ......31
ഈ......31
ഉ......31
ഊ......32
ഋ......32
എ......32
ഏ......32
ഐ......32
ഒ......33
ഓ......33
ഔ......33
അം......33
കടങ്കഥകൾ......34
കുസൃതി ചോദ്യങ്ങൾ......35
സംഗീതം......36
ശാസ്ത്രം-ചരിത്രം......37
ഭരണകൂടം......37
ഗ്ലോബൽ വാമിംഗ്......38
ആപ്ലിക്കേഷൻ......39
സോഫ്റ്റ് വെയറും......39
സിസ്റ്റം സോഫ്റ്റ് വെയറും......39
വംശനാശം നേരിടുന്ന ജന്തുക്കൾ......40
ഭീമൻ പാണ്ട......40
വംശനാശം നേരിടുന്ന ജന്തുക്കൾ......41
ഗ്രേറ്റർ കുഡു......41
ഒറ്റമൂലികൾ......42
ഓർമകുറവ്......42
അർബുദം......42
അർശസ്......42

അൾസർ....42
ആന്ത്രവായു....42
सपना....43
दिन -रात....44
കുടുംബവിളക്ക്....45
വൈദ്യുതി ലാഭിക്കാൻ....45
നന്ദി....46
പദങ്ങൾ....47

ധ്രുവം

# നാടൻപാട്ടുകൾ

## ആതിച്ചൻ ചന്തിരൻ

ആതിച്ചൻ ചന്തീരൻ രണ്ടല്ലോ കാള
കാഞ്ഞീരക്കീഴ് നട്ക്കണ്ടം ഉണ്ടത്തിൽ

ആതിച്ചൻ കാളേവലത്തുംവച്ചു
ചന്തീരൻ കാളേയിടത്തുംവച്ചു

ഇച്ചാല്വ പൂട്ടീ മറുചാല്വഴവുമ്പം
ചേറും കട്ടയൊടയും പരുവത്തിൽ

ചുവട്ടി നിരത്തിയാ വാച്ചാലും കോരീ
വാച്ചാലും കോരി പൊരിക്കോലും കുത്തീ

പൊരിക്കലും കുത്തിയാ വാരീവെതപ്പീനാ
വാരീവെതച്ചു മടയുമടപ്പീന

പിറ്റേന്നു നേരം വെളുത്തതും തീയതീ
മടതുറന്നു വെതയും തോത്തീ

നോല്ലെല്ലാം കാച്ചു കുനിയും പരുവത്തിൽ
നെല്ലിന്റെ മൂട്ടിപ്പെരമാവും കാവല്.

അഥിന പി എസ്സ്
ക്ലാസ് 9

# നാടൻപാട്ടുകൾ

## ഞാറ്റുപാട്ട്

ഞാറെല്ലാം ലാകീലാകേ്യ-
താരീകന്താരോം
തിരിപ്പണം കെട്ടിയിട്ടേ-
താരീതിനന്തോം

കണ്ടം നടുക്കള ചെന്നേ
താതീകന്തരോം
ഞാറിട്ടു കൈവണങ്ങേ്യ-
താരീതിനന്തോം

നട്ടു വലംതിതിഞ്ഞേ
താതീകന്തരോം
നട്ടു പുറംതിരിഞ്ഞേ
താരീതിനന്തോം

നട്ടു [1]വരമ്പുകണ്ടേ-
താരീകന്താരോം
ഞാറിട്ടു കൈവണങ്ങേ-
താരീതിനന്തോം

തേറ്റിമ്മേൽ കൈവണങ്ങേ-
താര്രുകന്താരോം
ഒടയോരെ കൈവണങ്ങേ-
താരീതിനന്തോം.

അഭിറാം എസ്സ്
ക്ലാസ് 9

1 ഭബമിയിൽ കഴിയെടുത്തു നടുക

ധ്രുവം

## കുട്ടി കവിതകൾ

### കുഞ്ഞുപട്ടം

കണ്ടോള്ള കണ്ടോള്ള കൂട്ടുകാരേ
കുട്ടന്റെനല്ലോരുപട്ടം
വർണ്ണങ്ങൾകൊണ്ട് വിചിത്രമാക്കി
വാനിലുയർന്നിതാ കുഞ്ഞുപട്ടം
പറവകൾ ക്കൊപ്പമുയർന്നുയർന്ന്
കാറ്റിന്റെ താളത്തിലാടിയാടി
പൊങ്ങിയതാകാശനീലിമയിൽ
പൊട്ടുപോലായൊരു കൊത്തുപ്പട്ടം
ഞാണിന്മേലാടിയ കുഞ്ഞുപട്ടം[2]
എവരും കണ്ട് കൊതിച്ചിടട്ടെ.

അഭിനന്ദ് പി

ക്ലാസ് 9

2 ആകാശ്ത്ത്റക്കുന്നത്

## കുട്ടി കവിതകൾ

### ഇഷ്ടം

വണ്ടിന് പൂവിനോടിഷ്ടം

പൂവിന് മഞ്ഞിനോടിഷ്ടം

മുയലിന് തളിരിനോടിഷ്ടം

മയലിന് ആടുവാനിഷ്ടം

പക്ഷിക്ക് പാറുവാനിഷ്ടം

പുഴകൾക്ക് ഒഴുകുവാനിഷ്ടം

കുയലിന് കൂ...കൂ... പാടുവാനിഷ്ടം

കുഞ്ഞിന് താരാട്ടു കേൾക്കുവാനിഷ്ടം

അശ്രുമറിവായ് മാറുന്നതിഷ്ടം

ദിപിൻ ഡി

ക്ലാസ് 9

## കവിത

### മുതല

പച്ചക്കുളമ്ത്ു കണ്ടില്ലേ

ഒച്ച വെക്കാതൊരു മുതല

പാറകണക്കേ നീങ്ങുന്നു

പായലിനുല്ലിൽ മുങ്ങുന്നു

ഇത്തെലിനീർപ്പരപ്പിനുള്ളിൽ

എത്തിയതെങ്ങനെയീ മുതല

ആഹാരത്തിനു ജീവികളെ

വാലാലടിച്ചു വീഴ്ത്തുന്നു.

എന്നിട്ടവരുടെ നേർക്കങ്ങോർ

മുതലക്കണ്ണീർ ചൊരിയുന്നു.

ഇത്തെളിനീർപ്പരപ്പിനുള്ളിൽ

എത്തിയതെങ്ങനെയീ മുതല.

ദിവ്യാപ്രദീപ് 9

## കവിത

### സദ്യ

ഓണസ്സദ്യക്കിലവെച്ച
വിഭവങ്ങളമ്മ വിളമ്പിത്തന്നു

ഒപ്പേരി പലതരം ,കായ് വറുത്തത്
ശർക്കരയുപ്പേരിക്കെന്തു സ്വാദ്?

ഉപ്പേരിക്കുന്നിൻ മുകലിലല്ലോ
പപ്പടമമ്മ നിരത്തിവെച്ചു.

മദ്ദളംപോലെ പഴംനുറുക്ക്,
പച്ചടി,കിച്ചടി,തോര,നോലൻ.

ഇഞ്ചിപ്പുളിയുമച്ചാറുമമ്മ
പുഞ്ചിരിതൂകി വിളമ്പിത്തന്നു.

പുത്തരി ച്ചോറു വിലമ്പി മീതെ
വെണ്ടക്കസ്സാമ്പാറൊഴിച്ചു തന്നു.

പായസമമ്മ വിലമ്പിയപ്പോൾ
നാവിന്മേൽ വെള്ളമൂറന്നു കൂടി.

ആര്യാ കൃഷ്ണദത്ത്
ക്ലാസ് 9

ധ്രുവം

## ഗണിത ഗാനങ്ങൾ

### കത്തിച്ചോളൂ മത്താപ്പൂ

ഒന്നേ ഒന്നേ വിഷുവന്നേ

ഒന്നായുണരു കമിഖാണൻ

രണ്ടേ രണ്ടേ പൂമേടം

മോടിയിലെത്തീ മുറ്റത്ത്!

മൂന്നേ മൂന്നേ കൊന്നകളിൽ

തങ്കക്കിങ്ങണി കണ്ടില്ലേ?

നാലേ നാലേ മലനാട്ടിൽ

ചേലേറുന്നൊരു മയിലാട്ടം.

അഞ്ചേ അഞ്ചേ കൊഞ്ചിവരു

പുഞ്ചപാടം കൊയ്യോളൂ.

ആറേ ആറേ ആടിവരു

ആടിപ്പാടി രസിച്ചോളൂ.

ഏഴേ ഏഴേ ഏണിതരു

ഏത്തക്കുലകൾ വെട്ടട്ടെ

എട്ടേ എട്ടേ പൊട്ടട്ടേ

ഏറുപടക്കം പൊട്ടട്ടേ.

ഒമ്പതേ ഒമ്പതേ കൈനീട്ടൂ

തന്നീമൊരു കൈനീട്ടം.

പത്തേ പത്തേ തിത്തിത്തോം

കത്തിച്ചോളൂ മത്താപ്പൂ! ( കീർത്തന എസ്സ് ക്ലാസ് 9)

# ഗണിത ഗാനങ്ങൾ

## ഒന്നും ഒന്നും രണ്ടാണേ

ഒന്നും ഒന്നും രണ്ടാണേ
കണ്ടക്കാലൻ ഞണ്ടാണേ
രണ്ടും ഒന്നും മൂന്നാണേ
മൂളി വരുന്നതു വണ്ടാണേ
മൂന്നും ഒന്നും നാലാണേ
നാണിപ്പയ്യൻ പാലാണേ
നാലും ഒന്നും അഞ്ചാണേ
സഞ്ചി നിറച്ചും കൊഞ്ചാണേ
അഞ്ചും ഒന്നും ആറാണേ
പുഞ്ചയിൽ വളരും ഞാറാണേ
ആറും ഒന്നും ഏഴാണേ
ഏഴാം കടലിലെ മീനാണേ
ഏഴും ഒന്നും എട്ടാണേ
ഏലചെടിയുടെ മൊട്ടാണേ.
എട്ടും ഒന്നും ഒമ്പതാണേ
കുട്ടനിറച്ചും ചേമ്പാണേ.
ഒമ്പതും ഒന്നും പത്താണേ
ചെമ്പകനെല്ലിൻ വിത്താണേ.

അനുത എസ്സ്
ക്ലാസ് 9

ധ്രുവം

## പഴമൊഴികൾ

### അ

അകത്തു കത്തിയും പുറത്ത് പത്തിയും

മനസിൽ ദുഷ്ടത്തരം വെച്ചുകൊണ്ട് പെരുമാറ്റത്തിൽ സ്നേഹം കാണിക്കുന്ന പ്രകൃതം

### ആ

ആടിക്കഴിഞ്ഞ്ൽ അരങ്ങത്തു നിൽക്കരുത്

ആവശ്യം കവിഞ്ഞാൽ ആസ്ഥാനത്ത് തുടരരുത്

### ഇ

ഇടംവലം അറിയാത്തവരോചട് ഇണക്കം പാടില്ല

യാതൊരു വകതിരിവും ഇല്ലാത്തവരോട് ചങ്ങാത്തം പാടില്ല.

### ഈ

ഈച്ചയെ കൊല്ലാൻ ഇരുമ്പ്കൂടം വേണോ?

നിസാര ജോലികൾക്ക് വലിയ ഉപാധികൾ ആവശ്യമില്ല.

### ഉ

ഉണ്ട ചോറിൽ കല്ലിടരുത്

ഉപകാരം ചെയ്തവരെ ദ്രോഹിക്കരുത്

ധ്രുവം

## ഊ

ഊണിൽ പാതി കുളി

ആഹാരം പോലെത്തന്നെ ശുചിത്വവും അത്യാവിശ്യമാണ്.

## ഋ

ഋണത്താൽ മൈത്രി കെട്ടിടും

കടം സ്നേഹത്തെ ഇല്ലാതാക്കും.

## എ

എങ്ങനെ വീണാലും പൂച്ച നാലു കാലിൽത്തന്നെ

മർഗമേതായാലും ലക്ഷ്യംമൊന്ന്

## ഏ

ഏതാനുമുണ്ടെങ്കിൽ ആരാനുമുണ്ട്

അധികാരമോ സമ്പത്തോ ഉണ്ടെങ്കിൽ കൂട്ടിനാളുണ്ടാവും.

## ഐ

ഐക്യമത്യം മഹാബലം

ഒത്തൊരുമ ശക്തിപ്രദാനംചെയ്യും.

## ഒ

ഒക്കത്ത് പണമുണ്ടെങ്കിൽ മുറ്റത്തു രണ്ടു ചാട്ടം

പണമുള്ളവരുടെ അഹങ്കാരം.

## ഓ

ഓങ്ങിയ കൈ തലോട്ടും

ശിക്ഷിക്കുന്നവൻ രക്ഷിച്ചീടും.

## ഔ

ഔഷധം ആധിക്കു മതിയോ?

വ്യാധിക്ക് ഔഷധം മതി.എന്നാൽ ആധിക്ക് ഔഷധം മതിയാകില്ല.

## അം

അംബരം കാണാൻ ആഡംബരം വേണ്ട.

ആർക്കും ്റിയാവുന്ന സംഗതികൾ മനസിലാക്കാൻ പരസഹായം വേണ്ട.

ശ്രീലക്ഷ്മി ആർ

ക്ലാസ് 9

ധ്രുവം

## കടങ്കഥകൾ

അടിക്കാത്ത മുറ്റത്തിൻ ചൊല്ലാമോ?

ആകാശം

അടിയിലും മുകളിലും തട്ടുള്ളപെരുന്തച്ചരൻ

ആമ

അകത്ത് സത്ത് പുറത്ത് വിത്ത് വശത്ത് കണ്ണ്

കശുമാങ്ങ

അടിച്ചാൽ കുത്തുന്നവൻ പുകച്ചാൽ ഓടും

തേനീച്ച

ആകാസം പരെ എത്തുന്ന തോട്ടി

കണ്ണ്

ആയിരം തത്തക്ക് ഒരു കൊക്ക്

വാഴക്കുലയും ചുണ്ടും

ഇട്ടാൽ കുറയും എടുത്താൽ കൂടും

കുഴി

(അനശ്വര ആർ ക്ലാസ് 9 )

ഇത്തിരി മുറ്റത്ത് അഞ്ചു കാവൽക്കാർ

കൈവിരൽ

## കുസൃതി ചോദ്യങ്ങൾ

സൂര്യന്റെ ദിവസം ഏതാണ്?

SUD DAY

അക്ഷരം പഠിക്കാൻ ഉപയോഗിക്കുന്ന മാല

അക്ഷരമാല

ഒരു മ്ൃഗത്തെ മറിച്ചിട്ടാൽ NO17 എന്നുകിട്ടും .ഏതു മ്ൃഗം.

LION

ഫർണിച്ചറുകളുടെ അടിയിലുള്ള ഒരു മുൻ അമേരിക്കൻ പ്രസിഡന്റ്.

ബുഷ്

പ്രസിഡന്റിന്റെ സ്വർണ്ണമെഡിൽ നേടിയ ഒരു മത്സ്യം

തെമ്മീൻ

കാലുകളില്ലാത്ത ടേബിൾ

ടൈടേബിൾ

(രുദ്ര എം എസ്സ് ക്ലാസ് 9)

സംസാരിച്ചാൽ പൊട്ടുന്ന ലെൻസ്

സൈലൻസ്

ധ്രുവം

## സംഗീതം

അനന്ത സാഗരമാണ് സംഗീതം.പല ദിക്കുകലിൽന്ന്നും ഒഴുകിയെത്തുന്ന നദീ ജലപ്രവാഹങ്ങളാൽ എന്നും സമ്പന്നമായിക്കൊമ്ട്ടുരിക്കുന്ന മഹാസാഗരം .ഈ ലളിതകലയുടെ സ്രോതസ്സുകൾ പലതാണ്.കർമ്ണാട്ടിക്,ഹിന്ദുസ്ഥാനി, പാശ്ചാത്യം എന്നിങ്ങനെ നിരവധി ശാഖകൾ .ഓരോന്നും ഖടനാപരമായി സാദ്യശ്യം നിലനിർത്തുമ്പോഴും വ്യാതിരിക്തമായ സവിശേഷതകളാൽ തനതായ വ്യക്തിത്വം കാത്തുസൂഷിക്കുന്നു.

സംഗീതം വികാരത്തിന്റെ ഭാഷയാണ്.ഹൃദയത്തിൽ വാകാരങ്ങലുലവാക്കി ആനന്ദം ജനിപ്പിക്കുകയെന്നതാണ് ഈ കലയുതെ ലക്ഷ്യം.ൊരു കവി തന്റെ ആശയങ്ങളെ പദങ്ങളുടെ സഹായത്തോടെ പ്രകടമാക്കുന്നതുപോലെ ഒരു ചിത്രകാരൻ തന്റെ ഭാവന കടലാസിൽ പകർത്തുന്നതുപോലെ ഒരു സില്പി കല്ലിലോ മരത്തിലോ തന്റെ ആശയം പകർത്തുന്നതുപോലെ ഒരു സംഗീതവിദഗ്ധൻ അവന്റെ വികാരങ്ങളെ ശബ്ദവൈവിധ്യങ്ങളുടെ സഹായത്തോടെ ഗാനരൂപത്തിൽ പ്രകടിപ്പിക്കുന്നു.വികാരങ്ങളുടെ ഭാഷയായതുകൊണ്ട് സംഗീതത്തിന് മനുഷ്യനെ മാത്രമല്ല പക്ഷിമൃഗാദികളെപ്പോലും ആകർഷിക്കുവാൻ സാധിക്കുന്നു.ആനന്ദാനുഭൂതിയുളവാക്കാൻ മറ്റേതു കലയെക്കാളും സംഗീതത്തിന് കഴിവു കൂടും

സൗരവ് സുരേഷ്

ക്ലാസ് 9

## ശാസ്ത്രം-ചരിത്രം

### ഭരണകൂടം

ഒരു രാജ്യത്തെ ജനങ്ങളുടെ പൊതുതാല്പര്യങ്ങളും അഭിലാക്ഷങ്ങലും പരിപാലിക്കുന്നതിനും സാമൂഹ്യ ജീവിതത്തെ ക്രമീകരിക്കുന്നതിനുമായി രൂപപ്പെടുത്തിയിട്ടുള്ള സംവിധാനം.ഭരണ സംവിധാനത്തിന് സാധാരണയായി ഗവൺമെന്റ് എന്നാമു പറയാറുള്ളത് .വ്യക്തി നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് ഭരണകൂടം പ്രവർത്തിക്കുന്നത്.ഓരോരാജ്യത്തിന്റെയും ഭരണകൂടത്തിന്റെ പ്രവർത്തന സ്വഭാവം നിർണ്ണയിക്കുന്നത് ആ രാജ്യത്ത് നിലവിലുള്ള രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥിതിക്ക് അനുസൃതമായിട്ടായിരിക്കും.നിയമനിർമാണം,കാര്യനിർവഹണം,നീതിന്യായം എന്നീ മൂന്ന ശാഖകൾമുഖ്യമായി ഉൾക്കൊള്ളുന്നതാണ് ഭരണകൂടം.ഏതൊരു ഭരണകൂടവും ആ രാജ്യത്തെ ഭരണഘടനയിൽ അധിഷ്ഠിതമാണ്.ഭരണകൂടം സ്വതന്ത്രമായിരിക്കണമെന്നും എല്ലാവരുടെയും താല്പര്യങ്ങളെ സമഭാവത്തോടെ സംരക്ഷിക്കുന്ന സ്ഥാപനമായിതിക്കണമെന്നും വ്യവസ്ഥയുണ്ട്.മനുഷ്യജീവിതം സമൃദ്ധരിക്കുന്നതിനുള്ള വിപുലമായ പരിപാടികൾ ആവിഷ്കരിച്ച നടപ്പിനലാക്കുകയെന്നത് ഭരണകൂടത്തിന്റെ ചുമതലയാണ്.

നിവേദിക എസ്സ്

ക്ലാസ് 9

# ഗ്ലോബൽ വാമിംഗ്

ഹരിത ഗൃഹവാതങ്ങൾ അമിതമായി വ്യാപിക്കുന്നതു മൂലം അന്തരീക്ഷതാപനില അപകടമായി ഉയരുന്ന പ്രതിഭാസമാണ് ആഗോള താപനം.ലോക കാലാവസ്ഥയെ തകിടം മറിക്കാൻ കവിവുള്ള ആ പ്രതിഭാസത്തെ എങ്ങനെ നേരിടാമെന്ന ഉൽക്കണ്ഠയിലാണ് ഇന്ന് ലോകം കാർബൺഡൈ ഓക്സൈഡ് ,മീഥേൻ,നൈട്രസ് ഓക്സൈഡ് മുതലായവ അന്തരീഷത്തിൽ അമ്തമായി വ്യാപിക്കുന്നതാണ് ആഗോളതാപനത്തിനു കരണം.ഇതിൽ ഏറ്റവും അപകടകാരിയായ കാർബൺഡൈഓക്സൈഡ് അന്തരീഷത്തിൽ വ്യാപിക്കുന്നതിനു പ്രധാനകാരണം കൽക്കരി,പെട്രോളിയം ഉൽപന്നങ്ങൾ മുതലായഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗമാണ്.1986 -ൽ ഐക്യരാഷ്ട്ടങ്ങൾക്കു കീഴിൽ രൂപീകരിച്ച ഇന്റർ ഗവൺമെന്റ് പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് എന്ന സ്ഥാപനം ആഗോള താപബവർദ്ധനവിനെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്.താപനിലയിലുണ്ടാകുന്ന വർദ്ധനമീലം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകി സമുദ്രജലവിതാനം അടുത്ത രണ്ട് നൂറ്റണ്ടിനുള്ളിൽ ഒരു മീറ്ററോളം ഉയരാം എന്നാണ് കണക്കാക്കപ്പെടുന്നത്.

ചിന്താര എം

ക്ലാസ് 9

## ആപ്ലിക്കേഷൻ

## സോഫ്റ്റ് വെയറും

## സിസ്റ്റം സോഫ്റ്റ് വെയറും

ഏതെങ്കിലും ഒരു പ്രത്യേകം ഉപയോഗത്തിനായി ു ണ്ടാകുന്ന ഒന്നോ അതിലധികമോ പ്രോഗ്രാമുകളുടെ കൂട്ടത്തെയാണ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ എന്നു പറയുന്നത്.നമ്മുടെ ആവിശങ്ങൽക്കാനുസൃതമായി ഉണ്ടാക്കുന്ന എല്ലാ പ്രോഗ്രാമുകളും ഇതിന്റെ പരിഘിയിൽ വരും.നമ്മുടെ ഓഫീസിലെ ബില്ലിംഗ് കമ്പ്യൂട്ടർവത്കരിക്കുന്നതിന് വേമ്ടി വികസിപ്പിക്കുന്ന എല്ലാതരത്തിലുള്ള പ്രോഗ്രാമുകളും ആപ്ലിക്കേഷന്റ സോഫ്റ്റ് വെയറാണ്.ചിത്രരചന നടത്താൻ സഹായിക്കുന്ന പെയിന്റ് വിൻഡോസിലെ ൊാരു ആപ്ലിക്കേഷൻ സോഫ്റ്റ് വെയറാണ്.

ഒരു കമ്പ്യൂട്ടർ സിസ്റ്റത്തിന് അതിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി വികസിപ്പിച്ചെടുത്തിരിക്കുന്ന ഒന്നോ അതിലധികമോ പ്രോഗ്രാമുകളുടെ കൂട്ടത്തെയാണ് സിസ്റ്റം സോഫ്റ്റ് വെയർ എന്നു പറയുന്നത്.ആപ്ലിക്കോഷൻ പ്രോഗ്രാമുകളുടെ വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഈ സോഫ്റ്റ് വെയർ സഹായിക്കുന്നു.സിസ്റ്റം സോഫ്റ്റ് വെയർ ഇല്ലാതെ ആപ്ലിക്കേഷൻ പാക്കേജുകൾ ഉപയോഗിക്കാൻ സാധിക്കില്ല.

അനഘ എസ്സ്

ക്ലാസ് 9

# വംശനാശം നേരിടുന്ന ജന്തുക്കൾ



## ഭീമൻ പാണ്ട

ലോകവന്യജീവി സംഘടനയുടെ ചിഹ്നം െന്ന നിലയിലും

പ്രശസ്തരായ ഭീമൻ പാണ്ടകൾ പടിഞ്ഞാറൻ

ചൈനയിലാണുള്ളത്.വെളുപ്പും കറുപ്പും നിറത്തിൽ കട്ടി

കമ്പിളി പുതച്ചതു പോലുള്ള ശരീരമാണിവയ്ക്കുള്ളത്.

ശരാശരി 120 കിലോഗ്രാം ഭാരവും ഒന്നര മീറ്ററിലധികം

നീളവും ഈ സുന്ദരന്മാർക്കുണ്ടാകും.ഒരു ദിവസം ഏകദേശം

14 മണിക്കൂർ വരെ ആഹാരം കഴിക്കാനായി

ചെലവഴിക്കുന്ന അവയുടെ ഇഷ്ടഭക്ഷണം മുളയുടെ ഇലകളാണ്. ഇത് കൂടാതെ പ്രാണികൾ ,മുട്ടകൾ,ചെറിയ സസ്തനികൾ തുടങ്ങിയവയും തക്കം കിട്ടിയാൽ ഈ പൊണ്ണത്തടിയൻമാർ അകത്താക്കും.രോമക്കുപ്പായങ്ങൾ ഉണ്ടാക്കുന്നതിനായി ഒരു കാലത്ത് ഇവയെ ധാരാളം വേട്ടയാടിയിരുന്നു.ഇതു കൂടാതെ മുളങ്കാടുകൾ വൻ തോതിൽ നശിച്ചുകൊണ്ടിരിക്കുന്നതും ,ജനനനിരക്ക് വളരെ കുറവായതും ബീമൻ പാണ്ടകളുടെ നിലനിന്പിനി ഭീഷണിയാണ്.ഉണ്ടക്കണ്ണുകൾക്കു ചുറ്റുമുള്ള കറുത്ത അടയാളങ്ങളും ഭംഗിയേറിയ മൂക്കും ഇവയുടെ മറ്റു പ്രത്യേകതകളാണ്

# വംശനാശം നേരിടുന്ന ജന്തുക്കൾ

## ഗ്രേറ്റർ കുഡു



ആഫ്രിക്കയിലെ പാറക്കെട്ടുകളും കുറ്റിക്കാടുകളും നിറഞ്ഞ പ്രദേശങ്ങളിൽ കാണപ്പെടുന്ന ഇവയ്ക്ക് ചുവപ്പു കലർ തവിട്ടു നിറമാണ്.270 കിലോഗ്രാം ഭാരം വെയ്ക്കുന്ന ഗ്രേറ്റർ കുഡുവിന്റെ പുറത്തെവളുത്തവരയും നീളൻ വരകളുമുമ്ടാകും.ആൺ കുഡുവിന് ഒന്നര മീറ്റർ വരെ വരെ നീളം വെയ്ക്കുന്ന പിരിയൻ കൊമ്പുകളുണ്ട്.ഇവയുടെ കഴുത്തിനു താഴെയും മുതുകിലും നീളൻ രോനങ്ങലുണ്ടാകും.ആഹാരം തേടി കിലോമീറ്ററുകളോളം ദൂരം സഞ്ചരിക്കാൻ യാതൊരുമടിയുമില്ലാത്ത ഇവയുടെ ഇഷ്ട ഭക്ഷണം പുല്ലും പച്ചിലകളുമാണ്.കൊമ്പിനുവേണ്ടി മനുഷ്യൻനടത്തുന്ന വേട്ടയും വനനശീകരണവുമാണ് ഇവയുടെ നാശത്തിനു കാരണം

അശ്വിൻ ബി   ക്ലാസ്  9

ധ്രുവം

# ഒറ്റമൂലികൾ

## ഓർമക്കുറവ്

ഭക്ഷണത്തിന്റെകൂടെ ദിവസവും അഞ്ചു കോവയ്ക്ക വീതം കഴിക്കുക.

## അർബുദം

ചെറുനാരങ്ങാനീരിൽ അല്പം തേൻ ചേർത്ത് ചെറുചൂടുവെള്ളത്തിൽ കഴിക്കുന്നത് അർബുദം വരാതിരിക്കാൻ

സഹായിക്കും.

## അർശസ്

ചുവന്നുള്ളി പാലിലിട്ടു കാച്ചി കുടിക്കുക.

## അൾസർ

മാതളച്ചാറ് ഒരു ഗ്ലാസ് വീതം പതിവായി കഴിക്കുക

## ആന്ത്രവായു

ജീരക കഷായം വെച്ച് തേൻ ചേർത്ത് കഴിക്കുക.

അഭിനവ് എസ്സ്

ക്ലാസ് 9

## सपना

स्वच्छ हवा के साथ नाचने की
लेकिन मेरे चारों ओर दीवार है
अपने दायित्वों के दीवारआशा है मुझे आसमान में उडने की
सितारों से होकर चाँद पे उतरने की
आशा है मुझे सागर की गहराई पर तैरने की
मछलियों के ऊपर होकर मोतियों के महल पहूँचने की
आशा है मुझे जंगलों के अंधकार में झूलने की
स्वच्छ हवा के साथ नाचने की
लेकिन मेरे चारों ओर दीवार है
अपने दायित्वों के दीवार

*daya binu*
*std. IX*

## दिन -रात

सबेरा हुआ,अब नहीं रहा अंधेरा
प्रकाश आया,अब नहीं रहा अंधेरा
चिडिया बोली,अब नहीं रहा अंधेरा
फिर सूरज भी बोलाअब नहीं रहा अंधेरा

रात  हुआ ,अब नहीं रही रोशनी
अंधेरा आया, अब नहीं रही रोशनी
उल्लू बोला ,अब नहीं रही रोशनी
जूही बोली ,अब नहीं रही रोशनी

आऱचागोविंद

*10 A*

**കുടുംബവിളക്ക്**

## വൈദ്യുതി ലാഭിക്കാൻ

**ആവിശ്യമില്ലാത്തമുറികളിൽ ലൈറ്റ്, ഫാൻ എന്നിവ ഓഫാക്കണം**

**ഫിലനെന്റ് ബൾബിനു പകരം സി. എഫ്.എൽ ഉപയോഗിക്കുക.**

**വൈദ്യുതോപകരണങ്ങൾ സമയാസമയങ്ങളിൽ വൃത്തിയാക്കുക.**

**മുകളിലേക്കു പമ്പുചെയ്യാൻ ശരിയായ ഹോഴ്സ് പവറിലുള്ള മോട്ടർ ഘടിപ്പിക്കുക.**

**ആവിശ്യമുള്ളപ്പോൾ മാത്രം ടി.വി പ്രവര്ത്തിപ്പിക്കുക**

**ദിവസവും ഇസ്തിരി ഇടാതെ ഒരാഴ്ചയിലേക്ക്ഒരുമിച്ച് ചെയ്യുക.**

**മിക്സിയിലും വാഷിംങ് മെഷിയനിലും അമിതഭാരം ആവരുത്**

**അഭിറാം**

**ക്ലാസ് 9**

**കവിത**

# <u>രോഷം</u>

*കണ്ടുവോ നിങ്ങളീ രൗദ്രഭാവം*
*പ്രകൃതിയുടെ, പുഴയുടെ രൗദ്രഭാവം*
*നമ്മളിൽ ചിലർ ചെയ്ത ക്രൂരതയ്ക്ക്*
*പ്രകൃതിയുടെ വിധിയായി വന്ന*
*ഭാവം.........*
*ശുദ്ധിയുടെ ഭാവമാം പുഴകളിന്ന്*
*മലിനപ്രവാഹമായ് ഒഴുകിടുന്നു*
*പ്രളയമായ് വന്നുവോ പ്രകൃതി*
*രോക്ഷം.........*

*പ്രകൃതി വന്നിതാ യാതുധാനനായി*
*സത്വരം സൃഷ്ടിച്ച പ്രളയഭാവം*
*പ്രഭാതവും രജനിയും ദുഃഖമായി*
*കണ്ണീരുവെപ്പോലൊഴികിടുന്നു*
*പ്രകൃതിയുടെ ശ്രീയായ പുഴകളിന്ന്............*

*നിള എസ്സ്*

*ക്ലാസ്സ് 7*

കവിത

# എങ്ങുപോയ് ?

ചേതോഹരം നീ പ്രക്രതി
ജനനി നിൻ ചേണുറ്റ
മക്കൾ  തൻ വ്രക്ഷങ്ങളു
പൂക്കളും പുഴകളും പൂമ്പാറ്റകളും
ഒളിയിൽ മുങ്ങുമി പുഴകൾക്കിന്ന്
എന്തുപറ്റി തായേ എന്തുപറ്റി.

ദിവ്യമംഗലവാണി പരത്തുമാപക്ഷികൾ
എവിടെ പറന്നുപോയ് ചില്ലക്കുട്ടി
എവിടെ നിൻഹരിതങ്ങൾ
എവിടെ നിൻ വയലുകൾ
എവിടെ !

ഇനി ഒരിക്കൽക്കൂടി
പ്രകൃതി രമണീയത കാണുവാനൊക്കുമോ
എന്നൊരാശ !

## നന്ദി

**ധ്രുവം മാഗസിന്റെ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കൂട്ടുകാർക്കും എല്ലാവിധ നന്ദി അറിയിച്ചു കൊള്ളുന്നു.**

**അഭിറാം**

**സ്റ്റുഡന്റ്സ് എഡിറ്റർ**

# പദങ്ങൾ

## പദങ്ങൾ

കമ്പ്യൂട്ടർ....................................................................................................................................26
പാറക്കെട്ടുകളും കുറ്റിക്കാടുകളും.........................................................................................................28
ലോകവന്യജീവി.............................................................................................................................27